## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.08.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. കേരളത്തിൽ അതിശക്തമായ മഴ തുടരുന്നു. മഴക്കെടുതികളും രൂക്ഷം. തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത, കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

   **Heavy rain continues across Kerala; Orange alert in 12 districts, fishermen are advised to not to venture along Kerala, Karnataka, and Lakshadweep coasts.**

2. ലഹരിമുക്ത ഭാരതത്തിനായി യുവാക്കളെ അണിനിരത്തുന്ന നശാ മുക്ത് യുവ ഫോർ വികസിത് ഭാരത് സങ്കൽപ് അഭിയാന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും.

   **Prime Minister Narendra Modi to launch 'Nasha Mukt Yuva for Viksit Bharat Sankalp Abhiyan' today.**

3. ശാസ്ത്രം, സാങ്കേതികവിദ്യ, കായികം എന്നീ മേഖലകളിൽ ഇന്ത്യ കൈവരിച്ച മുന്നേറ്റത്തിന് പിന്നിൽ രാജ്യത്തെ യുവജനങ്ങളാണെന്ന് പ്രധാനമന്ത്രി.

   **PM Narendra Modi credits youth for India's progress in science, technology and sports.**

4. നീറ്റ്-പിജി പരീക്ഷാ മുന്നൊരുക്കങ്ങൾ അവലോകനം ചെയ്ത് കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ; സുതാര്യമായ പരീക്ഷ ഉറപ്പാക്കാൻ വിദ്യാർത്ഥി കേന്ദ്രീകൃത പരിഷ്കാരങ്ങളുമായി കേന്ദ്ര സർക്കാർ.

Union Health Minister J.P. Nadda reviews NEET-PG preparations; government introduces student-centric reforms to ensure transparency.

5. കപ്പലുകൾക്ക് നേരെയുള്ള ആക്രമണങ്ങൾ അവസാനിപ്പിച്ച് ചർച്ചകൾക്ക് തയ്യാറായില്ലെങ്കിൽ ഇറാനെതിരെ ആക്രമണം ശക്തമാക്കുമെന്ന് യു എസ് പ്രസിഡന്റ്.

   The US President warns of stronger action against Iran unless attacks on ships cease and talks resume.

6. കോമൺവെൽത്ത് ഗെയിംസിന്റെ പത്താം ദിനത്തിൽ ഉജ്ജ്വല മുന്നേറ്റവുമായി ഇന്ത്യ. മെഡൽ പട്ടികയിൽ നാലാം സ്ഥാനത്തേക്ക് ഉയർന്നു.

   India moves up to fourth place in the Commonwealth Games medal tally after a strong performance on Day 10.

## PM-NASHA MUKT ABHIYAN

നശാ മുക്ത് യുവ ഫോർ വികസിത് ഭാരത് സങ്കൽപ് അഭിയാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്യും. ലഹരി ഉപയോഗത്തിനെതിരെയുള്ള നൂറ് ആഴ്ച നീളുന്ന ജനകീയ പ്രചാരണ പരിപാടിക്കാണ് ഇതോടെ തുടക്കമാകുന്നത്. യുവാക്കളെ ലഹരിവസ്തുക്കളിൽ നിന്ന് അകറ്റി നിർത്താനും, സാമൂഹിക മാറ്റത്തിന്റെ വക്താക്കളാക്കി മാറ്റാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. രാജ്യമെമ്പാടുമുള്ള പതിനായിരത്തിലധികം കേന്ദ്രങ്ങളിൽ നിന്നായി വൻ യുവജനപങ്കാളിത്തം ചടങ്ങിൽ ഉണ്ടാകും. മൈ ഭാരത് വോളന്റിയർമാർ, നാഷണൽ സർവീസ് സ്കീം അംഗങ്ങൾ, യൂത്ത് ക്ലബ്ബുകൾ, സ്കൂളുകൾ, കോളേജുകൾ, സർവ്വകലാശാലകൾ, സന്നദ്ധ സംഘടനകൾ, 125-ലധികം ആത്മീയ പ്രസ്ഥാനങ്ങൾ എന്നിവ പരിപാടിയുടെ ഭാഗമാകും. ലഹരിമുക്ത സമൂഹം എന്ന ലക്ഷ്യത്തോടെ എല്ലാ ഞായറാഴ്ചകളിലും പ്രത്യേക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും.

## PM-YOUTH (INTRO)

ശാസ്ത്രം, സാങ്കേതികവിദ്യ, കായികം എന്നീ മേഖലകളിൽ രാജ്യം കൈവരിച്ച പുരോഗതിക്ക് പിന്നിൽ ഇന്ത്യൻ യുവത്വത്തിന്റെ കഴിവുകളാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ശുചിത്വ പരിപാലനം, ജലസംരക്ഷണം, പ്രകൃതിവിഭവ സംരക്ഷണം എന്നിവയിൽ യുവജനങ്ങൾ സജീവമായി പങ്കാളികളാകണമെന്നും തദ്ദേശീയ നിർമ്മിതികൾ സമ്മാനമായി നൽകാൻ തയ്യാറാകണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. മൈസൂരിൽ സ്വാമി വിവേകാനന്ദ കൾച്ചറൽ യൂത്ത് സെന്ററായ 'വിവേക സ്മാരക' ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. യുവജനങ്ങളെ വഴിനടത്തുകയും രാഷ്ട്രനിർമ്മാണത്തിന് അവരെ പ്രാപ്തരാക്കുകയുമായിരുന്നു സ്വാമി വിവേകാനന്ദന്റെ കാഴ്ചപ്പാടെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

(ഹോൾഡ്-വോയ്സ്)

## NADDA-NEET PG REVIEW

2026 ലെ നീറ്റ്-പിജി പരീക്ഷയുടെ തയ്യാറെടുപ്പ് അവലോകനം ചെയതു് കേന്ദ്രമന്ത്രി ജെ.പി.നഡ്ഡ. ഈ മാസം 30 നാണ് നീറ്റ്-പിജി പരീക്ഷ. പരീക്ഷയ്ക്കായി ഏർപ്പെടുത്തിയിരിക്കുന്ന സമഗ്രമായ സുരക്ഷാ ക്രമീകരണങ്ങളും മന്ത്രി അവലോകനം ചെയ്തു. 2,73,183 ഉദ്യോഗാർത്ഥികളാണ് ഇത്തവണ NEET-PG പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പരീക്ഷയുടെ സുതാര്യത ഉറപ്പുവരുത്താൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ഏകോപിച്ച് പ്രവർത്തിക്കണമെന്നും അദ്ദേഹം നിർദേശം നൽകി.

## CENTRE- STATE INSTALMENT

സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതത്തിന്റെ അധിക ഗഡുവായി ഒരു ലക്ഷത്തി ഒൻപതിനായിരത്തി പത്തൊൻപത് കോടി രൂപ അനുവദിച്ച് കേന്ദ്ര സർക്കാർ. ഓഗസ്റ്റ് പത്തിന് നൽകേണ്ട പതിവ് പ്രതിമാസ വിഹിതത്തിന് പുറമേയാണിത്. സംസ്ഥാനങ്ങളിലെ വികസന-മൂലധന ചെലവുകൾക്ക് വേഗം കൂട്ടാൻ ലക്ഷ്യമിട്ടാണ് തുക മുൻകൂട്ടി നൽകിയതെന്ന് ധനമന്ത്രാലയം വ്യക്തമാക്കി. 2597 കോടി രൂപയാണ് കേരളത്തിന് അനുവദിച്ചത്.

## UZBEKISTAN FM-INDIA VISIT

ഉസ്ബെക്കിസ്ഥാൻ വിദേശകാര്യ മന്ത്രി **സൈദോവ് ബക്തിയോർ ഒദിലോവിഷ്** ഔദ്യോഗിക സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. ഈ മാസം അഞ്ചാം തീയതി വരെയാണ് അദ്ദേഹത്തിന്റെ സന്ദർശനം. സന്ദർശനത്തിനിടെ രാഷ്ട്രപതി ദ്രൗപദി മുർമുവുമായും വിദേശകാര്യ മന്ത്രി . എസ്. ജയശങ്കറുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഡൽഹിയിൽ നടക്കുന്ന ബിസിനസ് ഫോറത്തിലും ഉസ്ബെക്കിസ്ഥാൻ വിദേശകാര്യ മന്ത്രി പങ്കെടുക്കും.

## Rain Kerala (intro)

കേരളത്തിൽ അതിശക്തമായ മഴ തുടരുന്നു. സംസ്ഥാനത്ത് കെടുതികളും രൂക്ഷം. തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മഴ തുടരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ അതീവ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. മോശം കാലാവസ്ഥയെ തുടർന്ന് കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കും ഏർപ്പെടുത്തിയിട്ടുണ്ട്.

**വിശദാംശങ്ങളിലേക്ക്.....**

**(വോയ്സ്)**

കനത്ത മഴയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. സംസ്ഥാനത്താകെ 65 ക്യാമ്പുകൾ തുറന്നതായും 1465 പേർ ക്യാമ്പുകളിൽ ഉണ്ടെന്നും റവന്യൂ മന്ത്രി എ പി അനിൽകുമാർ വ്യക്തമാക്കി. വെള്ളപ്പൊക്ക സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്ന് ആളുകളെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട് . വൈദ്യുതി തകരാറുകൾ ഉടൻ പരിഹരിക്കാൻ KSEB-ക്ക് നിർദ്ദേശം നൽകി. അടിയന്തര സാഹചര്യങ്ങളിൽ ജില്ലാ കളക്ടറേറ്റുകളിലെ നമ്പറുകളിൽ ബന്ധപ്പെടണമെന്നും മന്ത്രി നിർദേശിച്ചു. മഴക്കെടുതിയിൽ ഇതുവരെ 127 വീടുകൾ ഭാഗികമായി 17 എണ്ണം പൂർണമായും തകർന്നു. വിവിധ ജില്ലകളിലായി 6 മരണം റിപ്പോർട്ട് ചെയ്തു. നാലു പേരെ കാണാതായിട്ടുണ്ട്.

ന്യൂസ് ഡെസ്ക് ആകാശവാണി........

❁❁❁❁❁❁❁❁❁❁❁❁❁❁❁

## RAIN-KUTTANADU

കനത്ത മഴ തുടരുന്ന പശ്ചാത്തലത്തിൽ ആലപ്പുഴ ജില്ലയിൽ ഏത് സാഹചര്യവും നേരിടാൻ സർക്കാർ തയ്യാറെന്ന് മന്ത്രി എം ലിജു അറിയിച്ചു. തോട്ടപ്പള്ളി സ്പിൽവേ, തണ്ണീർമുക്കം ബണ്ട്, അന്ധകാരനഴി എന്നിവിടങ്ങളിലെ ഷട്ടറുകൾ തുറന്നിട്ടുണ്ട്. പമ്പ,അച്ചൻ കോവിൽ ,മണിമലയാർ എന്നി നദികൾ കരകവിഞ്ഞ് ഒഴുകുന്നതിനാൽ കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും ജലനിരപ്പ് ഉയർന്നു. അമ്പലപ്പുഴയിൽ കടൽ ക്ഷോഭവും രൂക്ഷമാണ്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## KERALA-RAIN-AGRI

കേരളത്തിൽ തുടരുന്ന മഴയെ തുടർന്നുണ്ടാകുന്ന കാർഷിക വിളനാശങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി കൃഷി വകുപ്പ് എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ തുറന്നു.

കൃഷിനാശം സംബന്ധിച്ച വിവരങ്ങൾ കർഷകർക്ക് അതത് ജില്ലകളിലെ കൺട്രോൾ റൂമുകളിൽ അറിയിക്കാം. കൃഷിനാശത്തിന് ധനസഹായം ലഭിക്കുന്നതിനായി കർഷകർക്ക് കൃഷി വകുപ്പിന്റെ AIMS പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. വെബ്സൈറ്റ്- www.aims.kerala.gov.in

❁❁❁❁❁❁❁❁❁❁❁❁❁❁❁

## CHALAKKUDY

ചാലക്കുടിപ്പുഴയിൽ ജലനിരപ്പ് അപകടനില കവിയാൻ സാധ്യതയുള്ളതിനാൽ തീരപ്രദേശങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും താമസിക്കുന്നവരെ അടിയന്തരമായി മാറ്റിപ്പാർപ്പിക്കാൻ ജില്ലാ കളക്ടർ ശിഖ സുരേന്ദ്രൻ ഉത്തരവിട്ടു. പൊതുജനങ്ങൾ മുന്നറിയിപ്പുകൾ ഗൗരവത്തോടെ കാണണമെന്നും ജില്ലാ ഭരണകൂടത്തിന്റെ നിർദേശങ്ങളോട് പൂർണ്ണമായി സഹകരിക്കണമെന്നും ജില്ല കളക്ടർ ആവശ്യപ്പെട്ടു .

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ARANMULA

വെള്ളപ്പൊക്കം മൂലം ഇന്ന് നടത്തുവാനിരുന്ന വള്ളസദ്യകൾ മാറ്റിവെച്ചതായി ആറന്മുള പള്ളിയോട സേവാസംഘം അറിയിച്ചു. പെയ്ഡ് സദ്യ പാഞ്ചജന്യം ഓഡിറ്റോറിയത്തിൽ നടക്കും. ഇന്നത്തെ വഞ്ചിപ്പാട്ട് സോപാനം പരിപാടിയും മാറ്റി വെച്ചിട്ടുണ്ട്.

## EZHIMALA

ഏഴിമല ഇന്ത്യൻ നാവിക അക്കാദമി കമാൻഡന്റായി വൈസ് അഡ്മിറൽ അലോക് ആനന്ദ സ്ഥാനമേറ്റു. നാവികസേനയുടെ ഈസ്റ്റേൺ ഫ്ലീറ്റിന്റെ ഫ്ലാഗ് ഓഫീസർ കമൻഡാന്റായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു.

## commonwealth

കോമ്മൺവെൽത് ഗെയിംസിന്റെ പത്താം ദിനമായ ഇന്നലെ ഇന്ത്യയ്ക്ക് 16 മെഡൽ കൂടി. ഗുസ്തി താരങ്ങളായ പ്രീതി പവാർ ,ജൈസ്മിൻ ലംബോറിയ,പ്രിയ ഖൻഗാസ്, അരുന്ധതി ചൗധരി , സച്ചിൻ സിവാച് ,അങ്കുഷ് പൻഗാൽ എന്നിവർ വ്യത്യസ്ത വിഭാഗങ്ങളിൽ സ്വർണ്ണം നേടി.ജാദുമണി സിംഗ് , ലോവ്ലിനാ ബോർഗോഹൈൻ,നരേന്ദർ ബെർവാൾ എന്നിവർ വെള്ളി മെഡൽ കരസ്ഥമാക്കി.പുരുഷ വിഭാഗം 5000 മീറ്റർ ഫൈനലിൽ ദീർഘദൂര റണ്ണർ ഗുൽവീർ സിംഗ് വെങ്കലം നേടി.ഈ വർഷത്തെ ഗെയിംസിൽ ഗുൽവീർ സിങ്ങിന്റെ രണ്ടാം മെഡലാണിത്.ഇതോടെ ആകെ സ്വർണനേട്ടം 13 ആയി ഉയർത്തിയ ഇന്ത്യ 39 മെഡലുകളോടെ പോയിന്റ് പട്ടികയിൽ നാലാം സ്ഥാനത്തേക്കുയർന്നു. മെഡൽ നേടിയ കായികതാരങ്ങളെ രാഷ്ട്രപതിയും പ്രധാനമന്ത്രിയുമുൾപ്പെടെയുള്ള പ്രമുഖർ അഭിനന്ദിച്ചു.

## US- IRAN CONFLICT

കപ്പലുകൾക്ക് നേരെയുള്ള ആക്രമണങ്ങൾ അവസാനിപ്പിച്ച് ചർച്ചകൾക്ക് തയ്യാറായില്ലെങ്കിൽ ഇറാനെതിരായുള്ള ആക്രമണം ശക്തമാക്കുമെന്ന് യു എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്.സംഘർഷം മൂർച്ഛിക്കുന്ന സാഹചര്യത്തിൽ പശ്ചിമേഷ്യൻ പ്രദേശങ്ങളിലുള്ള അമേരിക്കൻ പൗരന്മാർ പ്രദേശം വിടാൻ തയ്യാറായിരിക്കണമെന്ന് യു എസ് സ്റ്റേറ്റ് ഡിപ്പാർട്മെന്റ്

വ്യക്തമാക്കി.അമേരിക്കയുമായുള്ള വെടിനിർത്തൽ കരാറിന്റെ അടിസ്ഥാനത്തിൽ സമാധാനനടപടികൾക്ക് തയാറെന്ന് ഹമാസ് പ്രഖ്യാപിച്ചെങ്കിലും ഗാസ,ലെബനൻ എന്നിവിടങ്ങളിൽ ഇസ്രായേൽ ആക്രമണം തുടർന്നു.എന്നാൽ പശ്ചിമേഷ്യയിലെ അമേരിക്കൻ-ഇസ്രായേൽ കേന്ദ്രങ്ങൾക്ക് നേരെ ആക്രമണത്തിന് തങ്ങൾ തയാറാണെന്ന് ഇറാൻ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## EU EMERGENCY MEET-MIGRATION

സ്പെയിൻ നഗരമായ സെയൂത്തയിലെ കുടിയേറ്റ പ്രതിസന്ധി പരിഹരിക്കുന്നതിന് യൂറോപ്യൻ യൂണിയൻ ചൊവ്വാഴ്ച അടിയന്തര ചർച്ച നടത്തും. മൊറോക്കോയിൽ നിന്ന് ഏകദേശം 60,000 കുടിയേറ്റക്കാർ സ്പെയിനിൽ പ്രവേശിച്ചതിനെത്തുടർന്നാണ് EU രാജ്യങ്ങൾ അതിർത്തി നിയന്ത്രണങ്ങൾക്ക് ആഹ്വാനം ചെയ്തത്. അതിർത്തി കടക്കുന്നതിനിടെ 67 ഓളം പേർ മരിച്ചതായായി അധികൃതർ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## PERU - FLIGHT CRASH

പെറുവിൽ വിനോദസഞ്ചാരികളുമായി പോയ ചെറുവിമാനം തകർന്നു വീണ് 13 പേർ കൊല്ലപ്പെട്ടു. നാസ്ക നഗരത്തിന് സമീപമാണ് വിമാനം പതിച്ചത്. പെറുവിയൻ എയർലൈനായ 'എയറോഡിയാന' യുടെ വിമാനമാണ് അപകടത്തിൽപ്പെട്ടത്. സംഭവത്തിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ITR-JULY 2026

2026-27 വർഷത്തേക്കുള്ള ആദായനികുതി റിട്ടേൺ സമർപ്പണം ജൂലൈ 31 വരെ 5.9 കോടി കടന്നതായി ആദായനികുതി വകുപ്പ് അറിയിച്ചു. നികുതിദായകരുടെ വിശ്വാസവും കൃത്യനിഷ്ഠയുമാണ് രാജ്യത്തിന്റെ വളർച്ചയ്ക്ക് ഇന്ധനമേകുന്നതെന്ന് വകുപ്പ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## GST-COLLECTION JULY

കഴിഞ്ഞ മാസത്തെ ചരക്കു സേവന നികുതിയിൽ മുൻ വർഷത്തെ അപേക്ഷിച്ച് 15.4 ശതമാനത്തിന്റെ വർദ്ധന. രണ്ട് ലക്ഷത്തി 11 ആയിരത്തി 205 കോടി രൂപയാണ് കഴിഞ്ഞ മാസത്തെ നികുതി സമാഹരണം. ധനമന്ത്രാലയം പുറത്തുവിട്ട പ്രാഥമിക കണക്കുകൾ പ്രകാരം, മൊത്ത ആഭ്യന്തര ജിഎസ്ടി വരുമാനം 1ലക്ഷത്തി 44,695 കോടി രൂപയായി; ഇത് മുൻവർഷത്തെ അപേക്ഷിച്ച് 10.1 ശതമാനം അധികമാണ്. ഇറക്കുമതിയിൽ നിന്നുള്ള ജിഎസ്ടി വരുമാനം 28.8 ശതമാനം വർധിച്ച് 66,511 കോടി രൂപയായി.